പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം, ഹയർസെക്കൻററി വിഭാഗം, ഹൗസിങ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം-1

നംബർ. ICT Cell/1771/2/DGE-HSS/2020 01/10/2020

# പത്രക്കുറിപ്പ്

## ഹയർസെക്കണ്ടറി സ്പോർട്ട്സ് ക്വാട്ട സപ്ലിമെൻററി അലോട്ട്മെൻറ്

മുഖ്യഘട്ടത്തിൽ രണ്ട് അലോട്ട്മെൻറുകളും സപ്ലിമെൻററിഘട്ടത്തിൽ ഒരു അലോട്ട്മെൻറും ഉൾപ്പെട്ടതാണ് സ്പോർട്സ് ക്വാട്ട പ്രവേശനം. മുഖ്യഘട്ടത്തിലെ രണ്ട് അലോട്ട്മെൻറുകൾ 2020 ഒക്ടോബർ 1 ന് പൂർത്തീകരിക്കുകയുണ്ടായി. മുഖ്യഘട്ടത്തിൽ പരിഗണിക്കുന്നതിനായി സ്പോർട്സ് മികവ് രജിസ്ട്രേഷനും (SPORTS ACHIEVEMENT REGISTRATION) ജില്ലാ സ്പോർട്സ് അധികൃതരുടെ വെരിഫിക്കേഷനും 2020 ആഗസ്റ്റ് 4 മുതൽ ആഗസ്റ്റ് 26 വരെയും സ്കൂൾ / കോഴ്സുകൾ ഓപ്ഷനായി സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം(APPLY ONLINE-SPORTS) 2020 ആഗസ്റ്റ് 5 മുതൽ ആഗസ്റ്റ് 27 വരെയും അനുവദിച്ചിരുന്നു.

മുഖ്യഘട്ടത്തിൽ സ്പോർട്സ് മികവ് രജിസ്ടേഷൻ നടത്തി ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും സ്കോർ കാർഡ് നേടാൻ കഴിയാത്തവർക്ക് 2020 ഒക്ടോബർ 2 മുതൽ 6 ന് വൈകിട്ട് 4 മണിവരെ അതത് ജില്ലാ സ്പോർട്സ് കൗൺസിലുകളുമായി ബന്ധപ്പെട്ട് നേടാവുന്നതാണ്.

മുഖ്യഘട്ടത്തിൽ സ്കോർ കാർഡ് നേടിയ ശേഷം സ്പോർട്സ് ക്വാട്ട പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്തവർക്കും , പുതിയതായി സ്കോർ കാർഡ് നേടുന്നവർക്കും സപ്ലിമെൻററി ഘട്ടത്തിൽ **APPLY ONLINE-SPORTS** എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ പരിപൂർണ്ണമായി സമർപ്പിച്ച ശേഷം Create Candidate Login-Sports എന്ന ലിങ്കിലൂടെ Candidate Login-Sports രൂപീകരിക്കേണ്ടതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ കാൻഡിഡേറ്റ് ലോഗിനിലൂടെയാണ് നിർവഹിക്കേണ്ടത്. മുഖ്യഘട്ടത്തിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്ക് വേക്കൻസിക്ക് അനുസൃതമായി പുതിയ ഓപ്ഷനുകൾ ഉൾപ്പെടുത്തി അപേക്ഷ പുതുക്കുവാനുള്ള സൗകര്യം ക്യാൻഡിഡേറ്റ് ലോഗിനിലെ Renewal Application എന്ന ലിങ്കിലൂടെ ലഭ്യമാകുന്നതാണ്.

2020 ഒക്ടോബർ 3 മുതൽ ഒക്ടോബർ 6 ന് വൈകിട്ട് 5 മണി വരെ ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള വേക്കൻസി അഡ്മിഷൻ വെബ്സൈറ്റായ **www.hscap.kerala.gov.in** -ൽ 2020 ഒക്ടോബർ 3 ന് രാവിലെ 9 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ്/-

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**